Committee to Protect Journalists

# ഇന്ത്യയിലെ സംസ്ഥാന നിയമസഭാ തെരഞ്ഞെടുപ്പ് **2021:** മാധ്യമപ്രവർത്തകർക്കുള്ള മാർഗ്ഗ രേഖ

ഇന്ത്യയിൽ, അസം, കേരളം, തമിഴ്നാട്, പശ്ചിമ ബംഗാൾ, പുതുച്ചേരി അഞ്ച് സംസ്ഥാന നിയമസഭകളിലേക്കുള്ള തിരഞ്ഞെടുപ്പ് 2021 മാർച്ച്, ഏപ്രിൽ,മെയ് മാസങ്ങളിൽ നടക്കും.

ഇതിലേതെങ്കിലും തെരഞ്ഞെടുപ്പ് റിപ്പോർട്ട് ചെയ്യുന്ന മാധ്യമത്തൊഴിലാളികൾ അതുമായി ബന്ധപ്പെട്ട അപകട സാധ്യതതകൾ കൃത്യമായി മനസ്സിലാക്കേണ്ടതുണ്ട്. ശാരീരികാക്രമണം, ഭീഷണി, പീഡനം, ഓൺലൈൻ ഭീഷണി, കോവിഡ് സംക്രമണ സാധ്യത, തടഞ്ഞുവക്കലോ അറസ്റ്റോ, റിപ്പോർട്ടിംഗിനോ ഇന്റർനെറ്റ് ഉപയോഗത്തിനോ ഉണ്ടായേക്കാവുന്ന വിലക്ക് എന്നിവയെല്ലാം മുന്നിൽ കാണേണ്ടതുണ്ട്. 2020 ല് ഇന്ത്യയിൽ തൊഴിലെടുക്കുന്നതിനിടയിൽ രണ്ട് മാധ്യമ പ്രവർത്തകർ കൊല്ലപ്പെട്ടിരുന്നതായി സി പി ജെ യുടെ പഠനത്തിൽ വ്യക്തമായിരുന്നു.



ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പിനായി വോട്ടു ചെയ്യാൻ സാമൂഹിക അകലം പാലിച്ച് വരിയിൽ നിൽക്കുന്ന വോട്ടർമാർ. 2020 ഒക്ടോബർ 28 ന് പാലിഗഞ്ജിൽ നിന്നെടുത്ത ചിത്രം. ഇന്ത്യയിലെ അഞ്ചു സംസ്ഥാനങ്ങളിലേക്കുള്ള നിയമസഭാ തെരഞ്ഞെടുപ്പ് ഏപ്രിൽ -മെയ് മാസങ്ങളിലായി നടക്കുകയാണ്. (ഏ പി / അഫ്താബ് ആലം സിദ്ധീഖി)

“സാധാരണയായി, ന്യൂസ് എഡിറ്റർമാരോ ബ്യൂറോ മേധാവികളോ അത്തരം അപകടസാധ്യതകളെക്കുറിച്ച് മാധ്യമപ്രവർത്തകരോട് ചോദിക്കില്ല. അപകടം മുൻകൂട്ടി അറിയാനും കൈകാര്യം ചെയ്യാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യാനും ഒരു സംവിധാനവുമില്ല”,ൽ എന്ന ന്യൂസ് വെബ്സൈറ്റിന്റെ അസോസിയേറ്റ് എഡിറ്റർ കെ. കെ. ഷാഹിന സി പി ജെ യോട് ഫോണിലൂടെ പറഞ്ഞു.

തെരഞ്ഞെടുപ്പ് റിപ്പോർട്ട് ചെയ്യുന്ന മാധ്യമപ്രവർത്തകർക്കായുള്ള മാർഗ്ഗ രേഖ സിപി ജെ എമർജൻസീസ് പുതുക്കി പ്രസിദ്ധീകരിക്കുകയാണ്. എഡിറ്റർമാർ, റിപ്പോർട്ടർമാർ, ഫോട്ടോ ജേണലിസ്റ്റുകൾ എന്നിവർക്കുള്ളതാണ് ഈ മാർഗ്ഗ രേഖ. വരുന്ന നിയമസഭാ തെരഞ്ഞെടുപ്പിനായി എങ്ങനെ തയ്യാറെടുക്കാമെന്നും ശാരീരികമോ, മാനസികമോ, സാങ്കേതികമോ ആയ അപകടസാധ്യതകളെ എങ്ങനെ നേരിടാമെന്നും വിവരിക്കുന്നതാണ് രേഖ.

തെരഞ്ഞെടുപ്പ് സുരക്ഷാ മാർഗ്ഗരേഖയുടെ ഇംഗ്ലീഷ്, തമിഴ്, ബംഗാളി, അസ്സമീസ്, മലയാളം, ഹിന്ദി ഭാഷകളിലുള്ള പിഡിഎഫ് ഫയലുകൾ ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്.

---

സഹായങ്ങൾക്ക് ബന്ധപ്പെടുക

സഹായമാവശ്യമുള്ള മാധ്യമ പ്രവർത്തകർക്ക് സിപിജെ എമെർജെൻസീസിനെ emergencies@cpj.orgഎന്ന മെയ്ൽ ഐഡി വഴി ബന്ധപ്പെടാവുന്നതാണ്. അല്ലെങ്കിൽ സീനിയർ റീസെർച്ചർ ആലിയ ഇഫ്തികർ വഴി (aiftikar@cpj.org)സിപിജെ യുടെ ഏഷ്യാ പ്രോഗ്രാമിനേയോ, ഇന്ത്യാ കറസ്പോണ്ടന്റ് കുനാൽ മജുംദാറിനേയോ (kmajumdar@cpj.org) സമീപിക്കാവുന്നതാണ്

ഇതു കൂടാതെ സിപിജെ റിസോഴ്സ് സെൻററിൽ വാർത്താശേഖരണത്തിന് മുമ്പെടുക്കേണ്ട തയ്യാറെടുപ്പുകളെ കുറിച്ചും എന്തെങ്കിലും സംഭവമുണ്ടായാൽ ചെയ്യേണ്ട കാര്യങ്ങളെ കുറിച്ചും പ്രതിപാദിക്കുന്ന മാർഗ്ഗരേഖകളുണ്ട്.

എഡിറ്റർമാർ സ്വീകരിക്കേണ്ട സുരക്ഷാ മുൻകരുതലുകൾ

എഡിറ്റർമാർക്കും എഡിറ്റോറിയൽ ഡെസ്കിനും റിപ്പോർട്ടർമാരെ പെട്ടെന്ന് പെട്ടെന്ന് വാർത്തകൾ ശേഖരിക്കാനായി നിയോഗിക്കേണ്ടിവരും. പ്രത്യേകിച്ചും തെരഞ്ഞെടുപ്പിനുമുമ്പും, വോട്ടെടുപ്പ് സമയത്തും അതിനു ശേഷവുമെല്ലാം. മാധ്യമപ്രവർത്തകർക്കുണ്ടാവുന്ന അപകടസാധ്യത കുറക്കാനുള്ള ചില പ്രായോഗിക നിർദ്ദേശങ്ങളാണ് താഴെ പറയുന്നത്.



ന്യൂദില്ലിയിലെ സുപ്രീംകോടതിക്കുമുന്നിൽ കർമ്മനിരതരായിരിക്കുന്ന മാധ്യമപ്രവർത്തകർ. 2017 ഫെബ്രുവരി നാലിന് എടുത്ത ചിത്രം (ഏ പി / അൽതാഫ് ഖാദിരി)

***മാധ്യമപ്രവർത്തകരെ തെരഞ്ഞെടുക്കുമ്പോൾ ഇക്കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്:***

- ഈ വാർത്താശേഖരണത്തിന് വേണ്ടുന്ന അനുഭവ പരിജ്ഞാനമുള്ളയാളാണോ അതിനായി നിയോഗിക്കപ്പെടുന്നത്?

- തിരഞ്ഞെടുത്ത ഏതെങ്കിലും സ്റ്റാഫ് COVID-19 ദുർബല വിഭാഗങ്ങളിൽപെടുന്നുണ്ടോ?, അല്ലെങ്കിൽ തെരഞ്ഞെടുക്കപ്പെട്ട  സ്റ്റാഫോ, അവരുടെ കുടുംബാംഗങ്ങളിലുമോ കോവിഡ് 19 സാധ്യത ഉള്ളവരാണോ ?

- അക്രമാസക്തമായ പരിപാടികൾ (ഉദാഹരണത്തിന് പ്രതിഷേധ പ്രകടനം) റിപ്പോർട്ട് ചെയ്യാൻ പോകുന്ന മാധ്യമ പ്രവർത്തകർക്ക് അവരുടെ വംശീയമോ മതപരമോ ലിംഗപരമോ ആയ സ്വത്വം കൊണ്ട് ശത്രുതാപരമായ പെരുമാറ്റത്തിനിരയാകേണ്ടി വന്നേക്കുമോ?

- നിയോഗിക്കപ്പെടുന്ന മാധ്യമ പ്രവർത്തക/ൻ പൂർണ്ണാരോഗ്യവാനാ/വതിയാണോ? വാർത്താശേഖരണത്തിനിടെ അയാളെ അലട്ടാനിടയുള്ള ആരോഗ്യ പ്രശ്നങ്ങളെ കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ?

- വാർത്താശേഖരണത്തിനായി നൽകിയിട്ടുള്ള എന്തെങ്കിലും പ്രത്യേക ദൗത്യം അവരെ അപകടത്തിലാക്കുമോ? ഉദാഹരണത്തിന് സംഭവങ്ങൾക്ക് തൊട്ടടുത്ത് പോകേണ്ടി വരുന്ന ഫോട്ടോ ജേണലിസ്റ്റുകൾ.

***ഉപകരണങ്ങളും ഗതാഗതവും***

- കോവിഡ് 19 ന്റെ അപകടസാധ്യതകളെ കുറിച്ച് മാധ്യമപ്രവർത്തകരുമായി ചർച്ച ചെയ്തിട്ടുണ്ടോ? അവർക്ക് ഗുണനിലവാരമുള്ള മാസ്കുകളും സാനിറ്റൈസറുകതളും നൽകിയിട്ടുണ്ടോ?
- അക്രമാസക്തമായ പ്രകടനങ്ങളോ മറ്റോ റിപ്പോർട്ടുചെയ്യാൻ പോകുമ്പോൾ അതിനു വേണ്ടുന്ന, ഹെൽമെറ്റ്, സുരക്ഷാ കണ്ണടകൾ, കവചിത വസ്ത്രം, മെഡിക്കൽ കിറ്റ്, കണ്ണീർ വാതകശ്വസനസഹായി ഉടങ്ങിയ സുരക്ഷാ ഉപകരണങ്ങൾ നൽകിയിട്ടുണ്ടോ? അവ ഉപയോഗിക്കേണ്ടതെങ്ങനെയെന്ന് അവർക്കറിയാമെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ?
- തെരഞ്ഞെടുക്കപ്പെട്ട മാധ്യമ പ്രവർത്തകർ സ്വയം വാഹനമോടിച്ചാണോ പോകുന്നത്? അവരുടെ വാഹനങ്ങൾ നിരത്തിലിറക്കാവുന്ന നിലയിലാണെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ?
- വാർത്താശേഖരണത്തിനിടെ അവരുമായി ബന്ധപ്പെടുന്നത് എങ്ങനെയാവുമെന്ന് വിശദീകരിച്ചിട്ടുണ്ടോ?   ഏതെങ്കിലും
  ആവശ്യം വന്നാൽ അവരെ ഫീൽഡിൽ നിന്ന് തിരിച്ചു കൊണ്ടു വരുന്നതെങ്ങനെയെന്ന് ധാരണയാക്കിയിട്ടുണ്ടോ?

പൊതുവായി ശ്രദ്ധിക്കേണ്ടവ

- നിയോഗിച്ചിട്ടുള്ള സംഘാംഗങ്ങളുടെ ആപത്കാല കോൺടാക്ടുകളുടെ വിലാസവും നമ്പറുമെല്ലാം കൃത്യമായി ശേഖരിച്ചിട്ടുണ്ടോ?
- ജോലിക്കു നിയോഗിച്ചിട്ടുള്ള എല്ലാ മാധ്യമപ്രവർത്തകർക്കും വേണ്ടുന്ന അക്രെഡിറ്റേഷനും മാധ്യമ പാസ്സുകളും തിരിച്ചറിയൽ രേഖകളുമുണ്ടെന്ന് ഉറപ്പാക്കിയിട്ടുണ്ടോ?
- ഈ പ്രത്യേക റിപ്പോർട്ടിംഗിനിടെ ഉണ്ടാകാവുന്ന അപകടങ്ങൾ കണക്കിലെടുത്തിട്ടുണ്ടോ. ചെയ്യുന്ന റിപ്പോർട്ടിന്റെ മൂല്യവുമായി തട്ടിച്ചു നോക്കുമ്പോൾ അപകടസാധ്യത അവഗണിക്കാവുന്നതാണെന്ന് വിലയിരുത്തിയിട്ടുണ്ടോ?
- വാർത്താ ശേഖരണത്തിനു പോകുന്ന ടീമിന് ആരോഗ്യ ഇൻഷ്വറൻസ് ഉൾപ്പെടെ അപകട ഇൻഷ്വറൻസുകൾ ഉറപ്പു വരുത്തിയിട്ടുണ്ടോ?

- എന്തെങ്കിലും അപകടങ്ങൾ ഉണ്ടാവുകയാണെങ്കിൽ പ്രാദേശികമായി സഹായം നൽകാനായി ആശുപത്രികളുടെ സേവനം ഉറപ്പുവരുത്തിയിട്ടുണ്ടോ? ഇക്കാര്യം സംഘാംഗങ്ങളെ അറിയിച്ചിട്ടുണ്ടോ?
- വാർത്താശേഖരണത്തിനിടെ ഉണ്ടായേക്കാവുന്ന ദീർഘകാലം നിലൽക്കുന്ന മാനസികാഘാതങ്ങളെ കുറിച്ച് സംസാരിച്ചിട്ടുണ്ടോ?
- അപകടസാധ്യതാപഠനത്തേയും, ആസൂത്രണത്തേയും കുറിച്ച് കൂടുതലറിയിയാൻ സിപിജെ റീസോഴ്സ് സെന്റർ നോക്കുക.

---

ഡിജിറ്റൽ സുരക്ഷ : ഉപകരണങ്ങളുമായുള്ള  പ്രാഥമിക തയ്യാറെടുപ്പ്

- തെരഞ്ഞെടുപ്പ് വാർത്താശേഖരണം നടത്തുന്ന മാധ്യമ പ്രവർത്തകർ റിപ്പോർട്ടിംഗിനും വാർത്തകളയക്കാനും സഹപ്രവർത്തകരുമായി ബന്ധപ്പെടാനുമെല്ലാം അവരവരുടെ മൊബൈൽ ഫോണുകളാവും ഉപയോഗിക്കുക. വാർത്താശേഖരണത്തിനിടെ എന്തെങ്കിലും കാരണവശാൽ നിങ്ങളെ പൊലീസ് പിടിക്കുകയോ മറ്റോ ചെയ്താൽ, ഫോണുകൾ പിടിച്ചെടുക്കപ്പെടുകയോ നശിപ്പിക്കപ്പെടുകയോ ചെയ്യാനുള്ള സാധ്യതയും തള്ളിക്കളയാനാവില്ല. ഇതുകൊണ്ടുണ്ടാവുന്ന ഡിജിറ്റൽ സുരക്ഷാ പ്രശ്നങ്ങൾ ഒഴിവാക്കാൻ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കാവുന്നതാണ്.
- ഫോണിൽ എന്തെല്ലാം വിവരങ്ങളാണുള്ളതെന്നും അത് പിടിച്ചെടുക്കപ്പെട്ടാൽ മറ്റുള്ളവരെ അത് എപ്രകാരം ബാധിച്ചേക്കാമെന്നും കൃത്യമായി ബോധ്യമുണ്ടായിരിക്കണം.
- വാർത്താശേഖരണത്തിന് പോകും മുമ്പ് ഫോണിലെ വിവരങ്ങളെല്ലാം കൃത്യമായി പകർപ്പെടുത്തു വക്കുകയും വ്യക്തിപരമായ ഫോട്ടോകളും മറ്റും ഉപകരണത്തിൽ നിന്നും മായ്ച്ച കളയുകയും വേണം.
- വാർത്താശേഖരണ വേളയിൽ ഉപയോഗമില്ലാത്ത ആപ്പുകളിൽ നിന്ന് ലോഗ് ഔട്ട് ചെയ്യുകയും അവ ഫോണിൽ നിന്ന് ഒഴിവാക്കുകയും ചെയ്യുക. ബ്രൗസറുകളുടെ ഹിസ്റ്ററി മായ്ച്ചുകളയുകയും അവയിൽ നിന്ന് ലോഗ് ഔട്ട് ചെയ്യുകയും വേണം. ഫോൺ മറ്റാരെങ്കിലും പരിശോധിക്കാനിടയായാൽ നിങ്ങളുടെ അക്കൗണ്ടുകൾ സുരക്ഷിതമാക്കി വക്കാൻ ഇതുകൊണ്ട് സാധിക്കും
- എല്ലാ അക്കൗണ്ടുകളും ശക്തമായ പാസ്‌വേഡ് വച്ച് സംരക്ഷിക്കുക. ഫോൺ നഷ്ടപ്പെട്ടാൽ പോലും അക്കൗണ്ടുകളിലുള്ള വിവരങ്ങൾ റിമോട്ടായി മായ്ച്ചുകളായാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുക. വിരലടയാളം പോലുള്ള ബയോമെടിക് പാസ്സ് കോഡുകൾ ഒഴിവാക്കുക.
- കയ്യിൽ വളരെ കുറച്ച് ഉപകരണങ്ങൾ മാത്രം സൂക്ഷിക്കുക. കഴിയുമെങ്കിൽ നേരത്തെ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഫോൺ (ഹാൻഡ് സെറ്റ്) കൂടെ കൊണ്ടു പോകാതിരിക്കുക.
- ആൻഡ്രോയ്ഡ് ഫോണുകളാണെങ്കിൽ എൻക്രിപ്ഷൻ മോഡ് ഓൺ ചെയ്തുവക്കുന്ന കാര്യം ആലോചിക്കുക. പുതിയ ഐ ഫോണുകളിൽ ഈ സംവിധാനം അല്ലാതെ തന്നെ ലഭ്യമാണ്. അതത് സ്ഥലത്തെ നിയമങ്ങൾ മനസ്സിലാക്കി വേണം ഇതുപയോഗിക്കാൻ.

- എൻഡ് റ്റു എൻഡ് എൻ്ക്രിപ്ഷൻ നൽകുന്ന സിഗ്നൽ പോലുള്ള മെസെജിംഗ് ആപ്പുകൾ ആപ്പുകൾ ഉപയോഗിക്കുന്നതാണ് നല്ലത്. മെസെജുകൾ അയക്കുമ്പോൾ അവ അൽപസമയത്തിനകം മായ്ഞ്ഞു പോകും വിധം ക്രമീകരിക്കുക.




ഫേസ്ബുക്കിന്റെ വാട്സാപ്പ് ആപ്ലിക്കേഷനിൽ സന്ദേശമയക്കുന്ന ഒരു ഉപഭോക്താവ്. 2020 നവംബർ 6 ന് മുംബെയിൽ നിന്ന് പകർത്തിയ ചിത്രം (എ എഫ് പി / ഇന്ദ്രനീൽ മുഖർജി)

- സൈറ്റുകൾ നിരോധിക്കുകയോ തടസ്സപ്പെടുത്തുകയോ ചെയ്യുന്ന സാഹചര്യങ്ങളിൽ വി പി എൻ ഉപയോഗിക്കുക. ഇതിന്റെ നിയമവശം പരിശോധിച്ച വേണം ചെയ്യാൻ. ഭാഗിക ഇന്റർനെറ്റ് നിരോധനം മുമ്പുണ്ടായിട്ടുള്ള സന്ദർഭങ്ങളിൽ മികച്ച സേവനം നൽകിയിട്ടുള്ള വി പി എൻ സേവനദാതാക്കളെ വേണം തെരഞ്ഞെടുക്കാൻ
- സമ്പൂർണ്ണ ഇന്റർനെറ്റ് നിരോധനമുണ്ടായാൽ മറ്റുള്ളവരുമായി ബന്ധപ്പെടാനുള്ള സമാന്തരപദ്ധതി തയ്യാറാക്കണം
- സിറ്റിസൻ ലാബിന്റേയും സി പി ജെയുടേയും അഭിമുഖങ്ങളിൽ വെളിപ്പെട്ട പോലെ ഇന്ത്യയിലെ മാധ്യമ പ്രവർത്തകർക്കു നേരെ പ്രയോഗിക്കപ്പെടുന്ന പെഗാസ്സസ് അടക്കമുള്ള ചാരസോഫ്റ്റ്വെയറുകളെ കരുതിയിരിക്കുക. ഒരിക്കൽ നിങ്ങളുടെ ഫോണിലെത്തിയാൽ അതിന് നിങ്ങളുടെ എൻക്രിപ്ഷനുള്ള വിനിമയ സംവിധാനങ്ങളടക്കം എന്തും നിരീക്ഷണത്തിലാക്കാനാവും. [സർക്കാർ സംവിധാനങ്ങൾക്കു മാത്രമാണ് പെഗാസസ് പോലുള്ള നിരീക്ഷണോപകരണങ്ങൾ നൽകിയിട്ടുള്ളതെന്നാണ് സോഫ്റ്റ്വെയർ മാർക്കറ്റ് ചെയ്യുന്ന

ഇസ്രായേലി കമ്പനിയായ എൻ എസ് ഒ ആവർത്തിച്ചു വ്യക്തമാക്കുന്നത്. കരാർ ആരെങ്കിലും ലംഘിച്ചിട്ടുണ്ടോ എന്ന് അന്വേഷിക്കുന്നുണ്ടെന്നും അവർ പറയുന്നു.]

ഡിജിറ്റൽ സുരക്ഷയെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്ക് സിപിജെയുടെ ഡിജിറ്റൽ സുരക്ഷാ ഗൈഡ് കാണുക.

---

ഡിജിറ്റൽ സുരക്ഷ: ഉപകരണങ്ങളും മറ്റും സുരക്ഷിതമായി സൂക്ഷിക്കുന്നതിനെ പറ്റി

തെരഞ്ഞെടുപ്പ് സമയത്ത് ഉപകരണങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിന് ചില വ്യവസ്ഥാപിത രീതികളുണ്ടാവുന്നത് നല്ലതാണ്. എന്തെങ്കിലും സാഹചര്യത്തിൽ ഒരു മാധ്യമപ്രവർത്തകനെ പോലീസ് പിടിച്ചാൽ അയാളുടെ ഉപകരണങ്ങളെല്ലാം പരിശോധിക്കപ്പെട്ടേക്കും. ഇതുകൊണ്ട് മാധ്യമപ്രവർത്തകരെ മാത്രമല്ല അവരുടെ സോഴ്സുകളേയും ബാധിക്കാവുന്ന തരത്തിൽ പ്രത്യാഘാതങ്ങളുണ്ടാവാം. ഇതു മാത്രമല്ല, ഉപകരണങ്ങൾ കേടുവരാനോ, മോഷണം പോകാനോ വരെ സാധ്യതയുണ്ട്. പകർപ്പെടുത്ത് സൂക്ഷിച്ചിട്ടില്ലാത്ത വിവരങ്ങൾ ഇതു മൂലം നഷ്ടപ്പെട്ടേക്കാം.

***താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിച്ചാൽ വിവരങ്ങൾ ചോർന്നുപോകാതെ സൂക്ഷിക്കാം:***

- ഉപകരണങ്ങളിൽ എന്തെല്ലാം വിവരങ്ങളുണ്ടെന്ന് കൃത്യമായി പരിശോധിക്കണം. നിങ്ങൾക്ക് അപകടകരമായേക്കാവുന്ന നിർണ്ണായക വിവരങ്ങളുണ്ടെങ്കിൽ അവ പകർപ്പെടുത്ത ശേഷം മായ്ച്ച കളയണം. മായ്ച്ച കളഞ്ഞ വിവരങ്ങൾ വീണ്ടെടുക്കാൻ നിരവധി മാർഗ്ഗങ്ങളുണ്ടെന്നിരിക്കെ, അത്രക്കും നിർണ്ണായകമായവയാണെങ്കിൽ പ്രത്യേക കംപ്യൂട്ടർ പ്രോഗ്രാമുകൾ ഉപയോഗിച്ച് എന്നെന്നേക്കുമായി മായ്ച്ച കളയുക.
- ഫോണിലെ വിവരങ്ങൾ പരിശോധിക്കുമ്പോൾ ഉപകരണത്തിലുള്ളവക്കൊപ്പം ക്ലൗഡിൽ ( ഉദാ: ഗൂഗ്ൾ ഫോട്ടോ, ഐ ക്ലൗഡ്) സൂക്ഷിച്ചിട്ടുള്ളവയും കണക്കിലെടുക്കണം.
- മെസേജിംഗ് ആപ്ലിക്കേഷനുകളിലുള്ള ഉള്ളടക്കവും പരിശോധിക്കണം. അവരവരെ അപകടത്തിലാക്കിയേക്കാവുന്ന വിവരങ്ങൾ മായ്ച്ച കളയാൻ ശ്രദ്ധിക്കണം. വാട്സ് ആപ്പിൽ വരുന്ന ഉള്ളടക്കങ്ങളെല്ലാം അവർ ഗൂഗ്ൾ ഡ്രൈവ്, ഐക്ലൗഡ് തുടങ്ങിയവയിൽ സൂക്ഷിക്കുന്നുണ്ട് എന്നത് മറക്കരുത്.
- പകർപ്പെടുക്കുന്ന വിവരങ്ങൾ എവിടെ സൂക്ഷിക്കണമെന്ന് നേരത്തെ തീരുമാനിക്കണം. ക്ലൗഡ് സെർവറുകളാണോ അതോ എക്സ്റ്റേണൽ ഹാർഡ് ഡ്രൈവുകളാണോ സുരക്ഷിതമെന്ന് ആലോചിക്കേണ്ടതുണ്ട്.
- ഉപകരണങ്ങളിൽ നിന്ന് വിവരങ്ങൾ അപ്പപ്പോൾ പകർപ്പെടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉപകരണങ്ങൾ നഷ്ടപ്പെട്ടാൽ ഇത് ഉപകാരപ്രദമാകും.

- പകർപ്പെടുത്തുവെക്കുന്ന വിവരങ്ങൾ എൻക്രിപ്റ്റ് ചെയ്തുവെക്കുന്നത് നന്നായിരിക്കും. ഇതിനായി ഹാർഡ് ഡ്രൈവോ, തംപ് ഡ്രൈവോ എൻക്രിപ്റ്റ് ചെയ്യുകയോ ഉപകരണം തന്നെ എൻക്രിപ്ഷൻ മോഡിൽ ഉപയോഗിക്കുകയോ ചെയ്യാം. ഇത്തരത്തിൽ ചെയ്യുന്നത് നിയമവിധേയമാണോ എന്ന് ആദ്യമേ ഉറപ്പ് വരുത്തണം.
- ഏതെങ്കിലും എതിരാളി തന്റെ ഉപകരണങ്ങളോ അതിലെ വിവരങ്ങളോ മോഷ്ടിക്കാൻ ശ്രമിക്കുമെന്ന് സംശയമുണ്ടെങ്കിൽ സ്വന്തം താമസസ്ഥലത്ത് അവ സൂക്ഷിക്കാതിരിക്കുന്നതാവും നന്നാവുക.
- എല്ലാ ഉപകരണങ്ങളും PIN കോഡ് ഉപയോഗിച്ച് സുരക്ഷിതമാക്കിവെക്കുക. എത്ര വലിയ PIN ഉപയോഗിക്കുന്നുവോ സുരക്ഷ അത്രയും കൂടുതലായിരിക്കും.
- സ്വന്തം മൊബൈൽ ഫോണിലേയും കംപ്യൂട്ടറിലേയും വിവരങ്ങൾ ദൂരസ്ഥലത്തിരുന്നും, മായ്ച്ചുകളയാവുന്ന നിലയിൽ ക്രമീകരിക്കുക. ആരെങ്കിലും അവ കൈവശപ്പെടുത്തിയാൽ തന്നെ ഈ സംവിധാനം പ്രയോജനപ്പെടുത്താവുന്നതാണ്. ഇന്റർനെറ്റിൽ കണക്ട് ചെയ്താൽ മാത്രമേ ഇത് സാധിക്കൂ എന്ന് മാത്രം.

---

ഡിജിറ്റൽ സുരക്ഷ: സുരക്ഷിതമായ ആശയവിനിമയ മാർഗങ്ങൾ

മറ്റുള്ളവരുമായി എങ്ങനെ സുരക്ഷിതമായി ആശയവിനിമയം നടത്താം എന്നുള്ളത് ഡിജിറ്റൽ സുരക്ഷയുടെ ഒരു സുപ്രധാന ഭാഗമാണ്. പ്രത്യേകിച്ചും കോവിഡ്19 മൂലം മാധ്യമ പ്രവർത്തകർ വിദൂര സ്ഥലങ്ങളിൽ ജോലി ചെയ്യേണ്ടതായി വരുമ്പോൾ. മാധ്യമ പ്രവർത്തകരും എഡിറ്റർമാരും പരസ്പരം നേരിൽ കാണുന്നതിനുപകരം, കോൺഫറൻസിംഗ് പ്ലാറ്റ്ഫോമുകളിലൂടെ കൂടിക്കാഴ്ച നടത്തുന്നത് വർദ്ധിച്ചു വരികയാണ്. മാധ്യമപ്രവർത്തകരുടെയും, വാർത്താ ഉറവിടങ്ങളുടെയും സുരക്ഷയ്ക്കായി ഇത്തരം സംഭാഷണങ്ങളും, വെബിനാറുകളും, സുരക്ഷിതമാക്കാനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

- അക്കൗണ്ടുകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി പാസ്സ്‌വേർഡ് ബലപ്പെടുത്തുകയും, ടു സ്റ്റെപ്പ് വേരിഫിക്കേഷൻ ഏർപ്പെടുത്തുകയും ചെയ്യുക.
- ഓൺലൈൻ കോൺഫറൻസിംഗിനായി വ്യക്തിഗത ഇമെയിൽ അക്കൗണ്ടിന് പകരം, ഓഫീസ് മെയിലിൽ നിന്നും സൈൻ അപ്പ് ചെയ്യുക. ഇതിലൂടെ വ്യക്തിഗത വിവരങ്ങളും കോൺടാക്ട് ലിസ്റ്റും മറ്റുള്ളവർക്ക് ലഭിക്കുന്നില്ല എന്ന് ഉറപ്പുവരുത്താനാകും.

- പൊതു പരിപാടികൾ അല്ലാത്ത ഓൺലൈൻ കോൺഫറൻസുകളുടെ വിവരങ്ങൾ സമൂഹ മാധ്യമങ്ങളിലൂടെ പ്രസിദ്ധപ്പെടുത്തരുത്. ആരൊക്കെ പങ്കെടുക്കുന്നു എന്ന കാര്യം ഉറപ്പുവരുത്തുന്നതിന് ഇത് സഹായിക്കും.
- കോൺഫറൻസിങ് പ്ലാറ്റ്ഫോം സർവീസിന്റെ ഏറ്റവും പുതിയ വേർഷൻ ആണ് ഉപയോഗിക്കുന്നതെന്ന് ഉറപ്പുവരുത്തുക.
- പത്തിൽ താഴെ ആളുകൾ മാത്രമുള്ള ചെറിയ ഗ്രൂപ്പിനോടാണ് വീഡിയോയിലൂടെ സംസാരിക്കേണ്ടത് എങ്കിൽ വാട്ട്സ്ആപ്പ്, സിഗ്നൽ തുടങ്ങിയ മാർഗങ്ങൾ ഉപയോഗിക്കുക.

സൂം ആണ് ഉപയോഗിക്കുന്നതെങ്കിൽ:

സൂം പ്ലാറ്റ്ഫോം ഉപയോഗിക്കുമ്പോൾ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കുക

- സൂമിൽ ഓരോ യൂസറിനും വ്യക്തിഗത ഐ.ഡി ക്രിയേറ്റ് ചെയ്യപ്പെടുന്നു. ഈ ഐ.ഡി സാമൂഹിക മാധ്യമങ്ങളിൽ ഉൾപ്പെടെ പൊതുവായി പങ്കു വയ്ക്കാതിരിക്കാൻ സൂക്ഷിക്കണം.
- മീറ്റിംഗിൽ പങ്കെടുക്കുന്നവർക്കായി പാസ്സ്‌വേർഡ് സൃഷ്ടിക്കുക.
- വെയ്റ്റിംഗ് റൂം ഫംഗ്ഷൻ ഉപയോഗപ്പെടുത്തുക. ഇതിലൂടെ ക്ഷണിക്കപ്പെട്ടവർ മാത്രമാണ് മീറ്റിംഗിൽ പങ്കെടുക്കുന്നത് എന്ന് ഉറപ്പുവരുത്താൻ ആകും. ആരൊക്കെയാണ് വെയ്റ്റിംഗിൽ ഉള്ളതെന്ന് നോക്കിയ ശേഷം, ക്ഷണിക്കപ്പെടാത്ത വർക്കും, പരിചയമില്ലാത്ത വർക്കും ഇതിലൂടെ അനുമതി നിഷേധിക്കാം.
- ക്ഷണിക്കപ്പെട്ട എല്ലാവരും എത്തിച്ചേർന്ന ശേഷം മീറ്റിംഗ് റൂം ലോക്ക് ചെയ്യുക.
- വീഡിയോ, ശബ്ദം, സ്ക്രീൻ ഷെയർ എന്നിവ ഓൺഓഫ് ചെയ്ത് മീറ്റിംഗിൽ പങ്കെടുക്കുന്നവരെ നിയന്ത്രിക്കാവുന്നതാണ്.
- ആരെ വേണമെങ്കിലും ഇടയ്ക്കുവെച്ച് സൂം കാളിൽ നിന്നും പുറത്താക്കുകയോ, അവർക്ക് മീറ്റിംഗ് റൂമിലേക്ക് മടങ്ങിയെത്താൻ കഴിയാത്ത വിധത്തിൽ ബ്ലോക്ക് ചെയ്യുകയോ ആവാം.
- സൂമിന്റെ ഏറ്റവും പുതിയ വേർഷനാണ് ഉപയോഗിക്കുന്നതെന്നും, എൻഡ്ടുഎൻഡ് എൻക്രിപ്ഷൻ ഏർപ്പെടുത്തിയതായും ഉറപ്പുവരുത്തുക.

---

ഡിജിറ്റൽ സുരക്ഷ: ഓൺലൈൻ അതിക്രമങ്ങൾ, ട്രോളിങ്, വ്യാജപ്രചാരണങ്ങൾ

തെരഞ്ഞെടുപ്പ് കാലയളവിൽ, ലക്ഷ്യം വെച്ചുള്ള ഓൺലൈൻ ആക്രമണങ്ങൾ ഉൾപ്പെടെയുള്ള ഓൺലൈൻ അതിക്രമങ്ങൾ വർദ്ധിക്കാറുണ്ട്. ഇത്തരം ഓൺലൈൻ ആക്രമണങ്ങൾക്ക് മിക്കപ്പോഴും മാധ്യമ പ്രവർത്തകർ ഇരയാകുന്നു. മാധ്യമ പ്രവർത്തകരുടെയും, അവരുടെ പ്രവർത്തനങ്ങളുടെയും വിശ്വാസ്യത തകർക്കുകയാണ് ഇത്തരം ആക്രമണങ്ങളുടെ ലക്ഷ്യം. മാധ്യമ പ്രവർത്തകർക്ക് സാമൂഹിക മാധ്യമങ്ങൾ ഉപയോഗിക്കാൻ സാധിക്കാത്ത വിധത്തിൽ സംഘടിതമായ ആക്രമണങ്ങളും, വ്യാജ പ്രചാരണങ്ങളും നടന്നേക്കാം. പ്രത്യേകിച്ചും വനിതാ മാധ്യമ പ്രവർത്തകരെ ഇത്തരത്തിൽ ഓൺലൈനായി ആക്രമിക്കുന്ന നിരവധി കേസുകൾ ഇന്ത്യയിൽ ഉണ്ടായിട്ടുണ്ടെന്ന് സിപിജെയ്ക്ക് അറിയാവുന്നതാണ്. ഇത്തരം

ഓൺലൈൻ ആക്രമണങ്ങളിൽ നിന്നുള്ള സംരക്ഷണം എളുപ്പമല്ലെങ്കിലും, മാധ്യമപ്രവർത്തകർക്ക് താഴെപ്പറയുന്ന മാർഗങ്ങൾ സുരക്ഷയ്ക്കായി ഉപയോഗിക്കാവുന്നതാണ്.

***അക്കൗണ്ട് സുരക്ഷ***

ഓൺലൈൻ അതിക്രമങ്ങൾക്കായി സാമൂഹിക മാധ്യമങ്ങളിൽ നിന്നും ശേഖരിക്കുന്ന വ്യക്തിഗത വിവരങ്ങൾ ഉപയോഗിക്കപ്പെട്ടേക്കാം. താഴെ പറയുന്ന മാർഗങ്ങളിലൂടെ അക്കൗണ്ടുകളും, വിവരങ്ങളും സുരക്ഷിതമാക്കാം.

- വലുതും, ശക്തവുമായ പാസ്‌വേഡുകൾ അക്കൗണ്ടുകൾക്കായി സൃഷ്ടിക്കുക. 16 ലധികം അക്ഷരങ്ങളോട് കൂടിയ ഈ പാസ്സ്‌വേർഡ്, ഓരോ അക്കൗണ്ടുകൾക്കും വെവ്വേറെ പ്രത്യേകമായി നൽകണം. പാസ്‌വേഡ് മാനേജർ ഉപയോഗിക്കുന്നതാണ് പാസ്‌വേഡുകൾ സുരക്ഷിതമാക്കാൻ ഉള്ള ഏറ്റവും മികച്ച മാർഗം. അക്കൗണ്ടുകൾ ഹാക്ക് ചെയ്യപ്പെടാതിരിക്കാൻ ഇത് സഹായിക്കും.
- അക്കൗണ്ടുകൾക്ക് ടൂ ഫാക്ടർ ഓതന്റിഫിക്കേഷൻ (2FA) ഏർപ്പെടുത്തുക.
- ഓരോ അക്കൗണ്ടുകളുടെ യും പ്രൈവസി സെറ്റിംഗ്സ് പരിശോധിച്ച് ഫോൺ നമ്പർ, ജനനത്തീയതി തുടങ്ങിയ വ്യക്തിഗത വിവരങ്ങൾ നീക്കം ചെയ്യുക. സാമൂഹിക മാധ്യമങ്ങളിലൂടെ ആർക്കൊക്കെ നിങ്ങളുടെ വ്യക്തിഗത വിവരങ്ങൾ ലഭിക്കുന്നു എന്ന് പരിശോധിക്കുകയും, പ്രൈവസി സെറ്റിംഗ്സ് ലൂടെ ഇത് നിയന്ത്രിക്കുകയും ചെയ്യുക.
- അക്കൗണ്ടുകൾ പരിശോധിച്ച്, നിങ്ങളുടെ വിശ്വാസ്യത തകർക്കുന്ന വിധത്തിൽ ദുരുപയോഗം ചെയ്യപ്പെടാൻ ഇടയുള്ള ചിത്രങ്ങൾ നീക്കം ചെയ്യുക. ട്രോളുകൾ ഉണ്ടാക്കുന്നതിനായി ഈ രീതിയാണ് സാധാരണയായി അവലംബിച്ചു കാണുന്നത്.
- ട്രോളിങ് വല്ലാതെ കൂടുന്നുണ്ടോ, ഡിജിറ്റൽ ഭീഷണികൾ, കായികമായ ഭീഷണിയായി മാറുന്നുണ്ടോ തുടങ്ങിയ കാര്യങ്ങൾ സൂക്ഷ്മമായി നിരീക്ഷിക്കുക. ചില വാർത്തകൾ നൽകുന്നത് ഉയർന്ന തോതിലുള്ള ഓൺലൈൻ ആക്രമണങ്ങൾക്ക് കാരണമായേക്കാമെന്ന് മനസ്സിലാക്കുക.
- ഓൺലൈൻ ആക്രമണങ്ങളെ കുറിച്ച് കുടുംബവുമായും സുഹൃത്തുക്കളുമായും സംസാരിക്കുക. മാധ്യമപ്രവർത്തകർക്കെതിരെ ട്രോളുകൾ ഉണ്ടാക്കുന്നതിനായുള്ള വിവരങ്ങൾ ബന്ധുക്കളുടെയോ, സുഹൃത്തുക്കളുടെയോ സോഷ്യൽ മീഡിയ അക്കൗണ്ടിൽനിന്നും ശേഖരിക്കപ്പെട്ടേക്കാം. അതിനാൽ നിങ്ങൾ ഉൾപ്പെട്ട ഫോട്ടോകൾ നീക്കം ചെയ്യാനോ, അക്കൗണ്ടുകൾ ലോക്ക് ചെയ്യാനോ ആവശ്യമെങ്കിൽ മറ്റുള്ളവരോട് പറയുക.
- നിങ്ങൾ നേരിടുന്ന ഓൺലൈൻ ആക്രമണത്തെക്കുറിച്ച്, നിങ്ങളുടെ മാധ്യമ സ്ഥാപനത്തെ അറിയിക്കുക. ട്രോളുകൾ പരിധി വിടുന്നുണ്ടെങ്കിൽ സ്വീകരിക്കേണ്ട നടപടികളും തീരുമാനിക്കുക.

***ആക്രമണത്തിനിടെ***

- ഓൺലൈൻ ആക്രമണം നടത്തുന്നവരുമായി നേരിട്ട് ഇടപെടുന്നത് സ്ഥിതി സങ്കീർണ്ണം ആക്കിയേക്കാം. ഇത്തരം ഇടപെടൽ ഒഴിവാക്കുക.

- ആക്രമണത്തിന് പിന്നിൽ ഉള്ളവർ ആരൊക്കെയെന്നും, അവരുടെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും തിരിച്ചറിയുക. നിങ്ങൾ അടുത്തിടെ പ്രസിദ്ധീകരിച്ച ഒരു വാർത്തയുമായി ബന്ധപ്പെട്ട് ആയിരിക്കാം ഈ ഓൺലൈൻ ആക്രമണം.
- ഇത്തരത്തിലുള്ള അതിക്രമങ്ങളും, ഭീഷണികളും മാധ്യമപ്രവർത്തകർ സോഷ്യൽ മീഡിയ കമ്പനികൾക്ക് റിപ്പോർട്ട് ചെയ്യണം.
- ഇത്തരം ആക്രമണങ്ങൾക്കു പിന്നിലെ സോഷ്യൽ മീഡിയ ഹാൻഡിൽ, ഇവ പ്രസിദ്ധപ്പെടുത്തിയ തീയതി, സമയം  എന്നിവ ഉൾപ്പെട്ട രേഖകൾ, കമന്റുകൾ, സ്ക്രീൻഷോട്ടുകൾ എന്നിവ ശേഖരിക്കുന്നത് ഉപകാരം ചെയ്യും. മാധ്യമ സ്ഥാപനത്തെയോ, മാധ്യമ സ്വാതന്ത്ര്യത്തിന് വേണ്ടി നിലകൊള്ളുന്ന സംഘടനകളെയോ , അധികാരികളെയോ കാണിക്കുന്നതിനായി ഇവ ഉപയോഗിക്കാം.
- ഹാക്കിങ്ങിനെക്കുറിച്ച് സദാ ശ്രദ്ധ പുലർത്തുക. പാസ്‌വേഡ് ശക്തമാണെന്നും , ടൂ ഫാക്ടർ ഓതന്റിഫിക്കേഷൻ ഏർപ്പെടുത്തിയെന്നും  ഉറപ്പുവരുത്തുക.
- കുടുംബാംഗങ്ങൾ, സഹപ്രവർത്തകർ, സുഹൃത്തുക്കൾ തുടങ്ങിയവരോട് നിങ്ങൾ നേരിടുന്ന ഓൺലൈൻ ആക്രമണത്തെക്കുറിച്ച് അറിയിക്കുക. നിങ്ങളുടെ വിശ്വാസത്തെ തകർക്കുന്നതിനായി അക്രമികൾ  കുടുംബാംഗങ്ങൾക്കിടയിലും, ജോലിസ്ഥലത്തും അതിക്രമത്തിനായി ഉപയോഗിക്കുന്ന വിവരങ്ങൾ എത്തിച്ചു നൽകാൻ സാധ്യതയുണ്ട്.
- ഓൺലൈൻ അതിക്രമം നടത്തുന്നവരെ ബ്ലോക്ക്, മ്യൂട്ട്  എന്നിവ ചെയ്യാവുന്നതാണ്. ഓൺലൈൻ ആക്രമണത്തെക്കുറിച്ച്  സോഷ്യൽ മീഡിയ കമ്പനിയ്ക്ക് റിപ്പോർട്ട് ചെയ്യുകയും, ഇതു സംബന്ധിച്ച രേഖകൾ സൂക്ഷിക്കുകയും വേണം.
- ഓൺലൈൻ ഭീഷണികൾ, നേരിട്ടുള്ള ഭീഷണിയായി മാറുന്നുണ്ടോ എന്നകാര്യം വിലയിരുത്തുക. നിങ്ങളുടെ മേൽവിലാസം ആരെങ്കിലും ഓൺലൈനായി പ്രസിദ്ധീകരിക്കുന്നതും, നിങ്ങളെ ആക്രമിക്കാൻ ആവശ്യപ്പെട്ട് മറ്റാരേയെങ്കിലും ബന്ധപ്പെടുന്നതും, ഒരേ ആളിൽ നിന്നും തുടർച്ചയായി  ഭീഷണി വർധിച്ചു വരുന്നതും ഈ രീതിയിൽ കണക്കാക്കാവുന്നതാണ്.
- അതിക്രമങ്ങൾ കുറയുന്നതു വരെ ഓഫ്‌ലൈൻ ആകുന്ന കാര്യം പരിഗണിക്കാവുന്നതാണ്
- ഓൺലൈൻ അതിക്രമങ്ങൾ ഒറ്റപ്പെട്ട അനുഭവങ്ങൾ ആയിരിക്കാം. എന്നാൽ നിങ്ങളെ പിന്തുണയ്ക്കുന്നതിനുള്ള സംവിധാനം ഒപ്പം ഉണ്ടെന്ന് ഉറപ്പുവരുത്തുക. തൊഴിലുടമയും ഈ സംവിധാനത്തിന്റെ ഭാഗം ആകുന്നതാണ് ഏറ്റവും മികച്ച രീതി.



2020 ജൂൺ 12 ന് ന്യൂദില്ലിയിലെ തേജ് ബഹാദൂർ ആശുപത്രിക്കു മുന്നിൽ നിന്ന് റിപ്പോർട്ട് ചെയ്യുന്ന മാധ്യമപ്രവർത്തക ബർഖാ ദത്ത് (എ എഫ് പി /പ്രകാസ് സിംഗ്)

## ശാരീരിക സുരക്ഷ: കോവിഡ് സാഹചര്യത്തിൽ

തെരഞ്ഞെടുപ്പ് പ്രചാരണ പരിപാടികൾക്കും, പ്രതിഷേധങ്ങൾക്കും ഇടയിൽ സാമൂഹിക അകലം കാത്തുസൂക്ഷിക്കുക എന്നുള്ളത് ഏറെ വെല്ലുവിളിയാണ്. പൊതുസ്ഥലങ്ങളിൽ വൻതോതിൽ ആൾക്കൂട്ടം ഉണ്ടാകുമ്പോൾ ജനങ്ങൾ പൊതുവേ മാസ്ക് ധരിക്കാത്ത സാഹചര്യം ഉണ്ടാകാം. ഇത്തരം സാഹചര്യത്തിൽ മാധ്യമ പ്രവർത്തകർ ഒരു സ്ഥലത്ത് ഒരുമിച്ചുകൂടി നിൽക്കേണ്ടതായും വരാം. ഇത്തരമിടങ്ങളിൽ വൈറസ് കണികകളുമായി സമ്പർക്കത്തിൽ വരാനും, പ്രക്ഷുബ്ധരായ ജനങ്ങളിൽ നിന്നും വാക്കുകളാലും കായികമായുമുള്ള ആക്രമണങ്ങൾ ഏൽക്കാനും സാധ്യതയുണ്ട്. ചിലർ മനപ്പൂർവമായി ചുമയ്ക്കുക, തുമ്മുക എന്നിവ ചെയ്യാനും സാധ്യതയുണ്ട്.

- ആളുകൾ ഉറക്കെ സംസാരിക്കുന്നതും മുദ്രാവാക്യം വിളിക്കുന്നതും വൈറസ് കണികകൾ വ്യാപിക്കുന്നതിനുള്ള സാധ്യതയാണ്. ഇത് മാധ്യമപ്രവർത്തകർക്ക് കോവിഡ് രോഗം വരാനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു.

- പൊതുപരിപാടികളിലെ കോവിഡ് നിയന്ത്രണങ്ങൾ ഇന്ത്യയിലെ ഓരോ സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളവും വ്യത്യസ്തമാണ്. ഇവയിൽ മുന്നറിയിപ്പ് കൂടാതെ മാറ്റങ്ങൾ വരാനും

സാധ്യതയുണ്ട്. ഓരോ പ്രദേശത്തെയും നിയന്ത്രണങ്ങൾ കൃത്യമായി മനസ്സിലാക്കുക. ഇത്തരത്തിൽ നിയന്ത്രണങ്ങൾ ലംഘിച്ചതിന് 2020 ഇൽ നിരവധി മാധ്യമ പ്രവർത്തകർ അക്രമിക്കപ്പെട്ടതും പോലീസ് പിടിയിലായതുമായ സംഭവങ്ങൾ മനസ്സിൽ സൂക്ഷിക്കുക.

- വിദേശത്തേക്കോ, മറ്റ് സംസ്ഥാനങ്ങളിലേക്കോ യാത്ര ചെയ്യുന്നുണ്ടെങ്കിൽ അടുത്ത കാലത്തായി ചെയ്ത കോവിഡ് പരിശോധനയുടെ ഫലം കൈവശം കരുതുന്നത് ആവശ്യമായി വരാം. അവിടെ എത്തിച്ചേരുന്നത് മുതൽ ക്വാറന്റൈനിൽ കഴിയേണ്ടതായും വന്നേക്കാം. ഇതുമായി ബന്ധപ്പെട്ട ഓരോ സംസ്ഥാനങ്ങളിലെയും വിവരങ്ങൾ ഇവിടെ നിന്നും ലഭിക്കും.
- ആൾക്കൂട്ടത്തിനിടയിൽ പ്രവർത്തിക്കുമ്പോൾ N95/ FFP2 തുടങ്ങി ഗുണനിലവാരമുള്ള മാസ്കുകൾ ഉപയോഗിക്കണം. മാസ്ക്കുകൾ ധരിക്കാതിരുന്നാൽ അധികൃതർ പിഴ ഈടാക്കാൻ സാധ്യതയുണ്ട്.
- ജോലിയിൽ ഉടനീളം ഇടയ്ക്കിടെ കൈകൾ വൃത്തിയായി കഴുകുന്നു എന്ന് ഉറപ്പുവരുത്തുക. തുടർന്ന് കൈകൾ കൃത്യമായി ഉണക്കിയെടുക്കുക. കൈകൾ കഴുകാൻ സാധിക്കാത്ത സാഹചര്യത്തിൽ ആൽക്കഹോൾ ബേസ്ഡ് ഹാൻഡ് സാനിറ്റൈസർ ഉപയോഗിക്കുക. എന്നാൽ ഇത് കൈകൾ കഴുകുന്നതിന് പകരമായി കാണരുത്.
- തിരികെ വീട്ടിൽ പ്രവേശിക്കുന്നതിനു മുൻപ് എല്ലാ വസ്ത്രങ്ങളും ഷൂസും ഊരി മാറ്റുക. ഇവ ചൂടുവെള്ളവും, ഡിറ്റർജന്റും ഉപയോഗിച്ച് വൃത്തിയാക്കുക.
- ജോലിക്കു ശേഷം ഇതിന് ഉപയോഗിച്ച് ഉപകരണങ്ങൾ പൂർണ്ണമായും വൃത്തിയാക്കുക

റിപ്പോർട്ടിങ്ങിനിടെ പാലിക്കേണ്ട കോവിഡ് മുൻകരുതലുകളെ കുറിച്ച് കൂടുതൽ അറിയാൻ സിപിജെ സുരക്ഷാ മാർഗ്ഗനിർദ്ദേശങ്ങൾ ഇവിടെ നിന്നും വായിക്കുക



കൊൽക്കൊത്തയിൽ ഇടതുപക്ഷ വിദ്യാർത്ഥികൾക്കു നേരെ ഉണ്ടായ പൊലീസ് അതിക്രമത്തിൽ പ്രതിഷേധിക്കുന്ന കോൺഗ്രസ്സ് പ്രവർത്തകർ. 2021 ഫെബ്രുവരി 12 ( എ പി/ ബികാഷ് ദാസ്)

**ശാരീരിക സുരക്ഷ: തെരഞ്ഞെടുപ്പ് പൊതുയോഗങ്ങൾ, പ്രതിഷേധങ്ങൾ എന്നിവ റിപ്പോർട്ട് ചെയ്യുമ്പോൾ**

തെരഞ്ഞെടുപ്പ് കാലയളവിൽ മാധ്യമ പ്രവർത്തകർ പൊതുയോഗങ്ങൾ, പ്രചാരണ പരിപാടികൾ, പ്രതിഷേധങ്ങൾ എന്നിവയിൽ തുടർച്ചയായി പങ്കെടുക്കുകയും ലൈവ് ബ്രോഡ്കാസ്റ്റ് നടത്തേണ്ടി വരികയും ചെയ്യാറുണ്ട്.

അത്തരം പരിപാടികളിലെ അപകടസാധ്യത പരമാവധി കുറയ്ക്കുന്നതിനായി മാധ്യമപ്രവർത്തകർ താഴെപ്പറയുന്ന സുരക്ഷാ നിർദ്ദേശങ്ങൾ പാലിക്കാവുന്നതാണ്.

***രാഷ്ട്രീയ പരിപാടികളും പൊതുയോഗങ്ങളും***

- കൃത്യമായ പ്രസ് അക്രഡിറ്റേഷൻ, തിരിച്ചറിയൽ രേഖകൾ എന്നിവ ഉറപ്പുവരുത്തുക. ഫ്രീലാൻസേർസ് ജോലിക്കായി ചുമതലപ്പെടുത്തിയവരിൽ നിന്നുമുള്ള കത്ത് കൈവശം കരുതുക. സുരക്ഷിതമാണെങ്കിൽ മാത്രം ഇവ പരസ്യമായി പ്രദർശിപ്പിക്കുക, മാധ്യമ തിരിച്ചറിയൽ കാർഡുകൾ കഴുത്തിൽ തൂക്കിയിടുന്നത് ഒഴിവാക്കുക, ബെൽറ്റിലോ, മേൽക്കൈയ്യിലോ ഇവ ധരിക്കുക.

- മാധ്യമ കമ്പനിയുടെ മുദ്രയോട് കൂടിയ വസ്തുങ്ങൾ ധരിക്കരുത്. വാഹനങ്ങളിലെയും, ഉപകരണങ്ങളിലെയും മീഡിയ ലോഗോ ആവശ്യമെങ്കിൽ നീക്കം ചെയ്യുക.
- സാൻഡൽസ്, സ്ലിപ്പോൺ ഇനങ്ങളിൽപ്പെട്ട ചെരുപ്പുകൾ ധരിക്കരുത്. ഉറപ്പും ദൃഢതയുമുള്ള കണങ്കാലിന് സംരക്ഷണം നൽകുന്ന തരം ചെരുപ്പുകൾ ധരിക്കുക.
- സുരക്ഷിതമായ ഇടങ്ങളിൽ, പുറത്തേക്ക് രക്ഷപ്പെടുന്നതിനുള്ള ദിശയ്ക്ക് നേരെ വാഹനങ്ങൾ പാർക്ക് ചെയ്യുക. ഇതുകൂടാതെ മറ്റേതെങ്കിലും വാഹനസൗകര്യം കൂടി ഉറപ്പുവരുത്തുക.
- സ്ഥിതിഗതികൾ മോശമായാൽ രക്ഷപ്പെടുന്നതിനുള്ള മാർഗങ്ങൾ ആവിഷ്കരിക്കുക. എത്തിച്ചേർന്നയുടനെ മുൻകൂട്ടി തന്നെ ഇതിനുള്ള മാർഗ്ഗങ്ങൾ കണ്ടെത്തുക. ഒരു സ്ഥലത്തുനിന്നും രക്ഷപ്പെടുന്നതിനുള്ള എല്ലാ വഴികളും മനസ്സിലാക്കി വയ്ക്കുക.
- ആൾക്കൂട്ടത്തിന്റെ വികാരം നിർണയിക്കുക. സ്ഥലത്ത് മുൻപുതന്നെ എത്തിച്ചേർന്ന മാധ്യമ പ്രവർത്തകരിൽ നിന്നും ഇതു സംബന്ധിച്ച വിവരം ആരായുക.  ആവശ്യമെങ്കിൽ മറ്റൊരു റിപ്പോർട്ടറേയോ, ഫോട്ടോഗ്രാഫറേയോ കൂടി ഒപ്പം കൂട്ടുക.
- മാധ്യമങ്ങൾക്കായി അനുവദിച്ച പ്രത്യേക ഇടങ്ങളിൽ നിന്നു കൊണ്ടുതന്നെ പരമാവധി റിപ്പോർട്ട് ചെയ്യുക. ആവശ്യമുണ്ടായാൽ പോലീസിന്റെയും, സുരക്ഷാ ഉദ്യോഗസ്ഥരുടെയും സഹായം ലഭിക്കുമെന്ന് ഉറപ്പു വരുത്തുക
- ആൾക്കൂട്ടമോ പ്രാസംഗികരോ മാധ്യമങ്ങൾക്ക് നേരെ ശത്രുതാ മനോഭാവം ആണ് സ്വീകരിക്കുന്നതെങ്കിൽ വാക്കുകളിലൂടെയുള്ള അധിക്ഷേപത്തിന് മാനസികമായി തയ്യാറെടുക്കുക. അത്തരം സാഹചര്യങ്ങളിൽ ആക്ഷേപങ്ങളോട് പ്രതികരിക്കാതെ,  സ്വന്തം ജോലി  ചെയ്യുക. ആൾക്കൂട്ടവുമായി ഇടപെടരുത്. നിങ്ങൾ ഒരു പ്രൊഫഷണൽ ആണെന്നും, മറ്റുള്ളവർ അങ്ങനെയല്ല എന്നും ഓർക്കുക.
- ആളുകൾ തുപ്പുകയോ സാധനങ്ങൾ വലിച്ചെറിയുകയോ ചെയ്യാൻ സാധ്യതയുണ്ടെങ്കിൽ ഹുഡഡ്, വാട്ടർപ്രൂഫ് ബമ്പ് ക്യാപ്പ് ധരിക്കുക.
- അന്തരീക്ഷം മോശം ആകുന്നതായി കണ്ടാൽ പരിസരങ്ങളിൽ ചുറ്റിത്തിരിയുകയോ, ആളുകളുമായി വാഗ്വാദങ്ങളിൽ ഏർപ്പെടുകയോ ചെയ്യരുത്.
- പരിപാടി നടക്കുന്ന വേദിയുടെ പുറത്തുനിന്നുമാണ് റിപ്പോർട്ട് ചെയ്യേണ്ടതെങ്കിൽ മറ്റൊരു
- സഹപ്രവർത്തകയ്ക്ക് ഒപ്പം ജോലി ചെയ്യുകയാണ് അഭികാമ്യം. പുറത്തേക്ക് പോകാൻ മാർഗ്ഗങ്ങൾ ഉള്ള സുരക്ഷിതമായ സ്ഥലത്ത് നിന്നും റിപ്പോർട്ട് ചെയ്യുക. വാഹനത്തിന്റെ അടുത്തേക്കുള്ള വഴി കൃത്യമായി മനസ്സിലാക്കുക. കയ്യേറ്റം ചെയ്യുമെന്ന് ഉറപ്പാണെങ്കിൽ സുരക്ഷയുടെ പ്രാധാന്യം തിരിച്ചറിയുക, അവിടെ നിൽക്കേണ്ടി വരുന്ന സമയം പരമാവധി കുറയ്ക്കുക.
- ജോലി ശ്രമകരവും വെല്ലുവിളി നിറഞ്ഞതും ആണെങ്കിൽ ഈ വിവരം മനസ്സിൽ തന്നെ സൂക്ഷിക്കാതെ മേലധികാരികളോടും, സഹപ്രവർത്തകരോടും പങ്കുവയ്ക്കുക. അവർ കൂടി തയ്യാർ എടുക്കേണ്ടതും, എല്ലാവരും പരസ്പരം കാര്യങ്ങൾ മനസ്സിലാക്കേണ്ടതും ആവശ്യമാണ്.

***പ്രതിഷേധ പരിപാടികൾ***

***തയ്യാറെടുപ്പ്:***

- പ്രതിഷേധക്കാരെ കീഴടക്കുന്നതിനായി ഇന്ത്യയിലുടനീളം പോലീസ് വെടിക്കോപ്പുകൾ, റബ്ബർ ബുള്ളറ്റ്, പെല്ലറ്റ് ഗൺ, കണ്ണീർ വാതകം, ലാത്തി തുടങ്ങിയവ ഉപയോഗിച്ചിട്ടുണ്ട്. അക്രമം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്ന സാഹചര്യത്തിൽ സേഫ്റ്റി ഗോഗിൾസ്, ഹെൽമറ്റ്, ടിയർ ഗ്യാസ് റെസ്പിറേറ്റർ, ദേഹ സുരക്ഷാ കവചം എന്നിവ ധരിക്കുന്ന കാര്യം പരിഗണിക്കണം. കൂടുതൽ വിവരങ്ങൾക്കായി സിപിജെയുടെ പേർസണൽ പ്രൊട്ടക്റ്റീവ് എക്യൂപ്മെന്റ് ഗൈഡ് (പിപിഇ) ഇവിടെ വായിക്കാം
- പ്രദേശത്തിന്റെ രൂപരേഖ മുൻകൂട്ടി പഠിക്കുക. അടിയന്തര സാഹചര്യം നേരിടാനുള്ള പദ്ധതി മുൻകൂട്ടി തയ്യാറാക്കുക. രക്ഷപെടാനുള്ള എല്ലാ മാർഗങ്ങളും അറിഞ്ഞു വയ്ക്കുക.
- പ്രതിഷേധ സ്ഥലങ്ങളിൽ ഒറ്റയ്ക്ക് ജോലി ചെയ്യുന്നത് ഒഴിവാക്കുക. ഏതെങ്കിലും സഹ പ്രവർത്തകർക്ക് ഒപ്പം ജോലിചെയ്യാൻ ശ്രമിക്കുകയും, സ്ഥാപനം, കുടുംബം, സുഹൃത്തുക്കൾ എന്നിവരുമായി തുടർച്ചയായി ബന്ധം പുലർത്തുകയും വേണം. രാത്രിയിൽ ജോലി ചെയ്യുന്നത് അപകടകരം ആയതിനാൽ ഇത് കഴിയുന്നതും ഒഴിവാക്കണം. കൂടുതൽ വിവരങ്ങൾക്കായി ഒറ്റയ്ക്ക് ജോലി ചെയ്യുന്ന മാധ്യമ പ്രവർത്തകർക്കുള്ള സിപിജെ മാർഗ്ഗ നിർദ്ദേശങ്ങൾ വായിക്കുക
- മെഡിക്കൽ കിറ്റ് ഉപയോഗിക്കാൻ അറിയുന്നവർ, അത് ഒപ്പം കരുതുക. മൊബൈൽ ഫോൺ ബാറ്ററി ഫുൾ ചാർജ് ഉണ്ടെന്ന് ഉറപ്പുവരുത്തുക.
- അയഞ്ഞ വസ്ത്രങ്ങളും, മുദ്രാവാക്യങ്ങൾ, മീഡിയ ബ്രാൻഡിംഗ്, മിലിട്ടറി പാറ്റേൺ, രാഷ്ട്രീയ ബന്ധമുള്ള നിറങ്ങൾ, നൈലോൺ തുടങ്ങി പെട്ടെന്ന് തീ പിടിക്കുന്ന തരം വസ്ത്രങ്ങളും ഒഴിവാക്കുക.
- ഉറപ്പും ദൃഢതയുമുള്ള കണങ്കാലിന് സംരക്ഷണം നൽകുന്ന തരം ചെരുപ്പുകൾ ധരിക്കുക.
- നീളമുള്ള മുടിയാണെങ്കിൽ മുകളിൽ കെട്ടി വയ്ക്കുക. ആരെങ്കിലും പിന്നിലേക്ക് വലിക്കാനുള്ള സാധ്യത കണക്കിലെടുത്താണിത്.
- വിലപിടിപ്പുള്ള വസ്തുക്കൾ വളരെ കുറച്ച് മാത്രം ഒപ്പം കരുതുക. ഉപകരണങ്ങൾ വാഹനങ്ങളിൽ വച്ചിട്ട് പോകരുത്, ഇവ തകർക്കപ്പെടാൻ സാധ്യതയുണ്ട്. രാത്രിയിൽ കുറ്റകൃത്യങ്ങളുടെ സാധ്യത കൂടും .

***ബോധവൽക്കരണവും നിലയുറപ്പിക്കലും:***

- സാഹചര്യങ്ങളെ കുറിച്ചുള്ള അറിവ് എല്ലായ്പോഴും കാത്തുസൂക്ഷിക്കുകയും, നിലയുറപ്പിച്ചിരിക്കുന്നതിൽ ശ്രദ്ധ പുലർത്തുകയും വേണം. കഴിയുന്നതും ഉയരമുള്ള സ്ഥലങ്ങളിൽ നിലയുറപ്പിച്ച് കാര്യങ്ങൾ നിരീക്ഷിക്കുന്നത് കൂടുതൽ സുരക്ഷിതമായിരിക്കും.
- സംഘമായാണ് ജോലി ചെയ്യുന്നതെങ്കിൽ രക്ഷപ്പെടുന്നതിനുള്ള മാർഗ്ഗങ്ങളും, പിന്നീട് എത്തിച്ചേരുന്നതിനുള്ള സ്ഥലവും മുൻകൂട്ടി തീരുമാനിക്കുക.
- വൈദ്യസഹായം ലഭിക്കുന്ന ഏറ്റവും അടുത്ത കേന്ദ്രം കണ്ടെത്തി വയ്ക്കുക

- ആൾക്കൂട്ടത്തിനിടയിൽ ആണ് ജോലി ചെയ്യുന്നതെങ്കിൽ  പുറത്തേക്ക് കടക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുക. ആൾക്കൂട്ടത്തിനു നടുവിൽ പെടാതെ  ഏറ്റവും പുറത്തായി നിലയുറപ്പിക്കുക. നടുവിൽ നിന്നും രക്ഷപ്പെടാൻ എളുപ്പമല്ല.
- ആൾക്കൂട്ടത്തെ നേരിടുന്ന സാഹചര്യത്തിൽ അധികാരികളുടെ പെരുമാറ്റവും, ഭാവ വ്യത്യാസങ്ങളും സൂക്ഷ്മമായി നിരീക്ഷിക്കുക. ആൾക്കൂട്ടം ക്ഷുഭിതരായാൽ പോലീസ്  അക്രമോത്സുകത കൈവരിക്കാൻ ഇടയുണ്ട്, മറിച്ചും സംഭവിക്കാം. പോലീസ് റയറ്റ് ഗിയർ ധരിക്കുന്നതും, പ്രതിഷേധത്തിനിടെ  കല്ലേറ് ആരംഭിക്കുന്നതും പ്രതിഷേധം  അക്രമസ്വഭാവം കൈവരിക്കുന്നതിന്റെ സൂചനകളാണ്. ഇത്തരം സൂചനകൾ കിട്ടിയാൽ സുരക്ഷിതസ്ഥാനങ്ങളിലേക്ക് മാറുക.
- ഫോട്ടോഗ്രാഫർമാർക്ക് ആണ് ഈ സന്ദർഭത്തിൽ കൂടുതൽ അപകടസാധ്യത. ഫോട്ടോഗ്രാഫർക്ക് പിന്നിൽ നടക്കുന്ന കാര്യങ്ങൾ മനസ്സിലാക്കുന്നതിന് മറ്റൊരാൾ കൂടെ ഉണ്ടായിരിക്കുകയും, കാര്യങ്ങൾ സദാ നിരീക്ഷിക്കുകയും വേണം. ക്യാമറയുടെ ചരട് കഴുത്തിൽ മുറുക്കാൻ സാധ്യതയുള്ളതിനാൽ ക്യാമറ കഴുത്തിൽ തൂക്കുന്നത് ഒഴിവാക്കണം. ഫോട്ടോ ജേർണലിസ്റ്റുകൾക്ക് ദൂരെ നിന്ന് ജോലി ചെയ്യാനുള്ള അവസരം മിക്കപ്പോഴും ഇല്ലാത്തതിനാൽ, ആൾക്കൂട്ടത്തിനിടയിൽ പരമാവധി കുറച്ച് സമയം മാത്രം ചിലവഴിക്കാൻ ശ്രദ്ധിക്കണം. എത്രയും വേഗം ചിത്രങ്ങളെടുത്തു പുറത്തുകടക്കുക.
- ആൾക്കൂട്ടം എപ്പോൾ വേണമെങ്കിലും അക്രമസ്വഭാവം കൈവരിക്കാം എന്നതിനാൽ   കൂടുതൽ സമയം അവിടെ ചിലവഴിക്കാതെ  മാധ്യമ പ്രവർത്തകർ ശ്രദ്ധിക്കണം.



2019 ഡിസംബർ 11ന് ഗുവാഹതിയിൽ പൗരത്വനിയമ ഭേദഗതിയിൽ പ്രതിഷേധിച്ച് നടന്ന പ്രകടനത്തിനു നേരെ പൊലീസ് കണ്ണീർ വാതകം പ്രയോഗിക്കുന്നു. ( എ പി / അനുപം നാഥ്))

***പോലീസ് കണ്ണീർവാതകം പ്രയോഗിച്ചാൽ:***

കണ്ണീർവാതകം പ്രയോഗിക്കുന്നത് ചുമ, തുമ്മൽ, ഓക്കാനം, കണ്ണീർ, ശ്വാസമെടുക്കാൻ പ്രയാസം എന്നിവയ്ക്ക് കാരണമാകാം. ചിലർക്ക് ഛർദ്ദിയും ശ്വാസം മുട്ടും അനുഭവപ്പെടാം. ഇത്തരം സാഹചര്യങ്ങളിൽ  കോവിഡ് വ്യാപന സാധ്യത ഉയരുകയും മാധ്യമപ്രവർത്തകർക്ക് രോഗം വരാനുള്ള സാഹചര്യം വർദ്ധിക്കുകയും ചെയ്യുന്നു. ആസ്ത്മ തുടങ്ങിയ ശ്വസന സംബന്ധമായ രോഗങ്ങൾ ബാധിച്ചവരെ കൊവിഡ് ഗുരുതരമാകാൻ സാധ്യതയുള്ളവരുടെ കൂട്ടത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അതിനാൽ ആൾക്കൂട്ടമുള്ള പരിപാടികളും, കണ്ണീർ വാതകം പ്രയോഗിക്കാൻ സാധ്യതയുള്ള പ്രതിഷേധങ്ങളും നേരിട്ടെത്തി റിപ്പോർട്ട് ചെയ്യുന്നത് കഴിയുന്നതും ഒഴിവാക്കണം.

ഇതിനുപുറമേ കണ്ണീർവാതകം പ്രയോഗിക്കുന്നത് കൊറോണ വൈറസ് ഉൾപ്പെടെയുള്ള രോഗാണുക്കളുടെ വ്യാപന സാധ്യത ഉയർത്തുന്നതായി തെളിവുകളുണ്ടെന്ന് എൻപിആർ ചൂണ്ടിക്കാട്ടുന്നു.

കണ്ണീർ വാതകം പ്രയോഗിക്കുന്നത് മൂലമുണ്ടാകുന്ന അവസ്ഥയെക്കുറിച്ചും, ഇതിനെ എങ്ങനെ നേരിടണമെന്ന് അറിയുന്നതിനും സിപിജെയുടെ സിവിൽ ഡിസ്ഓർഡർ  അഡ്വൈസറി വായിക്കുക

***ശാരീരിക അതിക്രമങ്ങൾ:***

- പ്രതിഷേധക്കാർ [മാധ്യമ പ്രവർത്തകരെ ആക്രമിച്ച സംഭവങ്ങൾ] മുൻപ് ഇന്ത്യയിൽ ഉണ്ടായിട്ടുണ്ട്. ഇത്തരം ആക്രമണോത്സുകമായ പെരുമാറ്റങ്ങളെ നേരിടേണ്ടി വരുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക
- പ്രതിഷേധക്കാർക്ക് മാധ്യമ പ്രവർത്തകരോട് ഉള്ള മനോഭാവം ആൾക്കൂട്ടത്തിലേക്ക് പ്രവേശിക്കുന്നതിനു മുൻപ് തന്നെ മനസ്സിലാക്കുക. ആക്രമിക്കാൻ സാധ്യതയുള്ളവരിൽ പ്രത്യേക ശ്രദ്ധപുലർത്തുക.
- അക്രമിയെ തിരിച്ചറിയാനായി അയാളുടെ ശരീരഭാഷ നിരീക്ഷിച്ച് വിലയിരുത്തുക. സാഹചര്യത്തെ ശാന്തമാക്കുന്ന തരം ശരീരഭാഷ സ്വയം പുലർത്തുക.
- അക്രമിയുമായി ഐ കോൺടാക്റ്റ് സൂക്ഷിക്കുക. കൈകൾ തുറന്ന പിടിച്ചുള്ള ശാരീരിക ചലനങ്ങളും, ശാന്തമായ സംഭാഷണരീതിയും പിന്തുടരുക
- അപകടസാധ്യതയിൽ നിന്നും ശാരീരികമായ കൈ അകലം പാലിക്കുക. പിടിക്കപ്പെട്ടാൽ തീർത്തും ആക്രമണോത്സുകത കാണിക്കാതെ പിന്തിരിഞ്ഞ് രക്ഷപ്പെടുക. അപകടാവസ്ഥയിൽ ഒറ്റപ്പെട്ടാൽ ഉച്ചത്തിൽ അലറി വിളിക്കുക.
- അക്രമം കൂടിവന്നാൽ തലയ്ക്ക് നേരെയുള്ള ആക്രമണം ചെറുക്കുന്നതിന് ഒരു കൈ സ്വതന്ത്രമായി സൂക്ഷിക്കുക, താഴെ വീഴാത്ത തരത്തിൽ ഉറച്ച ചുവടുവയ്പ്പുകളോടെ നടന്നു നീങ്ങുക. സംഘമായാണ് അവിടെ ഉള്ളതെങ്കിൽ പരസ്പരം ചേർന്ന് നിന്ന് കൈകൾ കോർത്തു പിടിക്കുക.
- അക്രമങ്ങൾ ചിത്രീകരിക്കുന്നത് മാധ്യമ പ്രവർത്തനത്തിന് സുപ്രധാന ഭാഗമാണെങ്കിലും, സാഹചര്യങ്ങളെക്കുറിച്ച് മനസ്സിലാക്കുകയും സ്വന്തം സുരക്ഷയ്ക്ക് പ്രാധാന്യം നൽകുകയും ചെയ്യുക. അക്രമോത്സുകരായി നിൽക്കുന്നവരുടെ ചിത്രങ്ങൾ പകർത്തുന്നത് സന്ദർഭം കൂടുതൽ വഷളാക്കും.
- തടഞ്ഞ് നിർത്തപ്പെടുന്ന പക്ഷം അക്രമിക്ക് എന്താണോ വേണ്ടത് അത് നൽകുക. നിങ്ങളുടെ ജീവനേക്കാൾ വില ഉപകരണങ്ങൾക്ക് ഇല്ല.

---

ശത്രുതാ മനോഭാവത്തോടെ പെരുമാറുന്ന വിഭാഗങ്ങൾക്ക് ഇടയിൽ നിന്ന് റിപ്പോർട്ട് ചെയ്യുമ്പോൾ ഉള്ള ശാരീരിക സുരക്ഷ

മാധ്യമങ്ങളോടും പുറത്തുനിന്നുള്ളവരോടും ശത്രുതാ മനോഭാവം പുലർത്തുന്ന വിഭാഗങ്ങൾക്ക് ഇടയിൽ നിന്നും, പ്രദേശങ്ങളിൽ നിന്നും മാധ്യമ പ്രവർത്തകർക്ക് റിപ്പോർട്ടിങ് നടത്തേണ്ടതായി വരാം. മാധ്യമങ്ങൾ അവരെക്കുറിച്ച് നിഷ്പക്ഷമായി റിപ്പോർട്ടിംഗ് നടത്തുന്നില്ലെന്നോ, അവരെ മോശം രീതിയിൽ ചിത്രീകരിക്കുന്നു എന്നോ ഉള്ള ധാരണ മൂലമാണ് ഇത്തരം മനോഭാവം ഉണ്ടാകുന്നത്. ഇത്തരത്തിൽ

മാധ്യമങ്ങളോട് ശത്രുതാ മനോഭാവത്തോടെ പെരുമാറുന്ന വിഭാഗങ്ങൾക്കിടയിൽ, തിരഞ്ഞെടുപ്പ് വേളയിൽ മാധ്യമ പ്രവർത്തകർക്ക് കൂടുതൽ സമയം ചെലവഴിക്കേണ്ടതായി വരാം.

***അപകട സാധ്യത കുറയ്ക്കുന്നതിനായി:***

- പ്രദേശവാസികളുടെ കാഴ്ചപ്പാടുകളെക്കുറിച്ച് മുൻകൂട്ടി  പഠിക്കുക. മാധ്യമങ്ങളോടുള്ള അവരുടെ പ്രതികരണം എന്താണെന്ന് മനസ്സിലാക്കുക. കൂടുതൽ ശ്രദ്ധ പിടിച്ചു പറ്റാത്ത തരത്തിൽ സാധാരണമായി പെരുമാറുക.
- പ്രദേശത്തേക്ക് സുരക്ഷിതമായി കടന്നുചെല്ലാൻ ഉള്ള മാർഗങ്ങൾ മുൻകൂട്ടി ഉറപ്പുവരുത്തുക. ക്ഷണിക്കപ്പെടാതെയും, കൂടെ നിൽക്കാൻ ആളില്ലാതെയും എത്തിച്ചേരുന്നത് പ്രശ്നങ്ങൾ സൃഷ്ടിക്കാം. ആ പ്രദേശവുമായി പരിചയം ഇല്ലെങ്കിലോ, പുറത്തുനിന്നുള്ള ആളായി കണക്കാക്കപ്പെടുമെങ്കിലോ, പ്രദേശവാസിയായ ആരെയെങ്കിലും സഹായത്തിനായി ഒപ്പം കൂട്ടുക. സമുദായ നേതാക്കളോ, പ്രദേശവാസികൾക്ക് മതിപ്പുള്ള ആരെങ്കിലുമോ ഒപ്പമുണ്ടെങ്കിൽ സഹായകരമാവും. അടിയന്തര ഘട്ടത്തിൽ സഹായിക്കുന്നതിനായും ഇത്തരം സഹായം ഉറപ്പു വരുത്തണം.
- മദ്യവും മയക്കുമരുന്നും പതിവായി ഉപയോഗിക്കുന്നവരുടെ ഇടയിൽ ആണെങ്കിൽ അപ്രതീക്ഷിതമായ കാര്യങ്ങൾ സംഭവിക്കാനുള്ള സാധ്യത കൂടുന്നു.
- ടീം ആയോ ബാക്ക് അപ് ടീമോടെയോ ജോലി ചെയ്യുകയാണ് കൂടുതൽ നല്ലത്. അപകടസാധ്യതകൾ വിലയിരുത്തിയശേഷം ബാക്ക് അപ്പ് ടീം ആവശ്യം വന്നാൽ സഹായം നൽകാവുന്ന വിധത്തിൽ നിലയുറപ്പിക്കണം.
-  ഷോപ്പിംഗ് മാൾ, പെട്രോൾ പമ്പുകൾ തുടങ്ങി അടുത്തുള്ള സുരക്ഷിത  കേന്ദ്രങ്ങളിൽ ഇതിനായി നിലയുറപ്പിക്കാം .
- സ്ഥലത്തിന്റെ ഭൂമിശാസ്ത്രം മനസ്സിലാക്കി പദ്ധതികൾ തയ്യാറാക്കുക, അപകടസാധ്യത വളരെ കൂടുതലാണെങ്കിൽ സുരക്ഷാ സഹായം സ്വീകരിക്കുക, ജോലി ചെയ്യുന്നതിനിടെ ഉണ്ടാവുന്ന അപകട സാധ്യതകൾ നിരീക്ഷിക്കുന്ന ജോലിയ്ക്കായി പ്രദേശത്തു നിന്നുള്ളവരെ  ചുമതലപ്പെടുത്താം.
- വാഹനങ്ങൾ ഉടൻ പുറപ്പെടാൻ പറ്റുന്ന വിധത്തിൽ നിർത്തിയിടുക,ഡ്രൈവർ വാഹനത്തിൽ തന്നെ ഉണ്ടാകുന്നതാണ് ഉചിതം.
- വാഹനത്തിൽ നിന്നും വളരെ ദൂരെയാണ് ജോലി ചെയ്യുന്നതെങ്കിൽ എങ്ങനെ വാഹനത്തിന്റെ അടുത്തേക്ക് മടങ്ങി എത്താമെന്ന് മനസ്സിലാക്കിയിരിക്കണം. സ്ഥലം തിരിച്ചറിയുന്നതിനുള്ള വിശദാംശങ്ങൾ സഹപ്രവർത്തകരുമായി പങ്കു വയ്ക്കുക.
- വൈദ്യ സഹായം ആവശ്യമായി വന്നാൽ എവിടെ നിന്നും ലഭിക്കുമെന്ന് മനസ്സിലാക്കുക. പുറത്തേക്ക് കടക്കാനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുക.
- ഏതെങ്കിലും വ്യക്തികളുടെ ഫോട്ടോ എടുക്കുകയോ, വീഡിയോ ചിത്രീകരിക്കുകയോ ചെയ്യുന്നതിനുമുമ്പ് ഇതിനായി അനുവാദം വാങ്ങുക. പെട്ടെന്ന് പുറത്തേക്ക് കടക്കാൻ കഴിയാത്ത ഇടം ആണെങ്കിൽ ഇത് നിശ്ചയമായും ചെയ്യണം.

- ആവശ്യമായ വിവരങ്ങൾ ലഭിച്ച കഴിഞ്ഞാൽ ഉടൻ തന്നെ പുറത്തു കടക്കുക. ആവശ്യത്തിൽ കൂടുതൽ സമയം അവിടെ വെറുതേ തങ്ങരുത്. എത്ര സമയം ചെലവഴിക്കണം എന്ന് മുൻകൂട്ടി നിശ്ചയിക്കുന്നത് നല്ലതാണ്. ടീം അംഗങ്ങളിൽ ആർക്കെങ്കിലും അസുഖകരമായി എന്തെങ്കിലും അനുഭവപ്പെട്ടാൽ ചർച്ച ചെയ്ത് സമയം പാഴാക്കാതെ പുറത്തേക്ക് കടക്കുക.
- മീഡിയ കമ്പനി ബ്രാൻഡിംഗ് ഇല്ലാത്ത വസ്ത്രങ്ങൾ ധരിക്കുന്നതാണ് ഉചിതം. വാഹനങ്ങളിൽ നിന്നും ഉപകരണങ്ങളിൽ നിന്നും ആവശ്യമെങ്കിൽ മീഡിയ ലോഗോ മാറ്റുക
- മെഡിക്കൽ കിറ്റ് ഉപയോഗിക്കേണ്ടത് എങ്ങനെയെന്ന് അറിയാമെങ്കിൽ അത് ഒപ്പം കരുതുക.
- മറ്റുള്ളവരുടെ വിശ്വാസങ്ങളോടും ആശങ്കകളോടും എല്ലായ്പോഴും ബഹുമാനം പുലർത്തുക
- വിലപിടിച്ച വസ്തുക്കൾ, പണം എന്നിവ ഒപ്പം കരുതുന്നത് പരമാവധി കുറയ്ക്കുക. മോഷ്ടാക്കൾക്ക് നിങ്ങളുടെ കൈവശം ഉള്ള ഉപകരണങ്ങളോട് താല്പര്യം തോന്നാൻ സാധ്യതയുണ്ടോ? തടഞ്ഞു നിർത്തപ്പെട്ടാൽ അവർ എന്താണോ ആവശ്യപ്പെടുന്നത് അത് നൽകുക. ജീവനെക്കാൾ വില ഉപകരണങ്ങൾക്ക് ഇല്ല.
- രാത്രിയിൽ ജോലി ചെയ്യുന്നത് പരമാവധി ഒഴിവാക്കുക, ഈ സമയത്ത് അപകടസാധ്യത വളരെയധികം ഉയരുന്നു
- ഈ പ്രദേശത്തേക്ക് വീണ്ടും പോകേണ്ടി വരുമെന്ന കാര്യം, വാർത്ത നൽകുന്നതിന് മുൻപ് മനസ്സിൽ ഓർക്കുക. വീണ്ടും അവിടെ മടങ്ങിയെത്തിയാൽ നിങ്ങൾ നൽകിയ വാർത്ത അവിടെ എന്തു തരം പ്രതികരണമാവും സൃഷ്ടിക്കുക?